"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണം - ട്രിഡ - ട്രിഡയുടെ തനത് ഫണ്ട് ഉപയോഗിച്ച് ഒരു വാഹനം വാങ്ങുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണം(ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.278/2026/LSGD തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:- 1. 25.09.2025-ലെ ട്രിഡ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.

2. ട്രിഡ സെക്രട്ടറിയുടെ 21.10.2025, 20.11.2025 തീയതികളിലെ ഇ1/827/2025/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

ട്രിഡയിൽ ഉപയോഗിച്ചിരുന്ന KL 01 AX 127 അംബാസിഡർ വാഹനം കാലപ്പഴക്കവും തേയ്മാനവും മൂലം ഉപയോഗപ്രദമല്ല എന്ന പൊതുമരാമത്തു വകുപ്പ് മെക്കാനിക്കൽ വിഭാഗത്തിന്റെ ശിപാർശയെ തുടർന്ന് ലേലം ചെയ്തു വില്പന നടത്തിയിരുന്നതായും, ആയതിനാൽ M/s.ANERT മുഖാന്തിരം ഒരു ഇലക്ട്രിക്ക് വാഹനമാണ് ഉപയോഗിച്ച് വരുന്നതെന്നും, ടി കരാർ വാഹനം ഒഴിവാക്കി 10 ലക്ഷം രൂപയ്ക്കു താഴെ ചെലവ് വരുന്ന ഒരു പുതിയ വാഹനം വാങ്ങുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നതായും, ട്രിഡയുടെ 2025-26 ബഡ്ജറ്റിൽ പുതിയ വാഹനം വാങ്ങുന്ന ഇനത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും, മേൽ സാഹചര്യത്തിൽ ട്രിഡ ചെയർമാന്റെ ആവശ്യങ്ങൾക്കായി 10 ലക്ഷം രൂപയിൽ താഴെ ചെലവ് വരുന്ന ഒരു വാഹനം ട്രിഡയുടെ തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് അനുമതി നൽകണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ANERT മുഖാന്തിരം വാടകയ്ക്ക് എടുത്തിട്ടുള്ള ഇലക്ട്രിക്ക് വാഹനം ഒഴിവാക്കുന്നതിന് വിധേയമായി തനത് ഫണ്ട് ഉപയോഗിച്ച് ട്രിഡ ചെയർമാന്റെ ആവശ്യത്തിനായി 10 ലക്ഷം രൂപയിൽ താഴെ ചെലവ് വരുന്ന ഒരു പുതിയ വാഹനം വാങ്ങുന്നതിന് ട്രിഡ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ധനവകുപ്പ് (17.02.2026-ലെ WCD-3/307/2025-ധന പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/149/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 03-02-2026 19:15:27
സെക്ഷൻ ഓഫീസർ